


ഗർഭനിരോധനത്തിനുള്ള പരിശോധന

# ജനപ്പെരുപ്പം നിയന്ത്രിക്കുക; അല്ലെങ്കിൽ സ്വയം നശിക്കുക

പ്രൊഫ. പി. കൃഷ്ണൻ

സാഹിത്യകാരൻ, വാഗ്മി, ശാസ്ത്രജ്ഞൻ, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിൽ പ്രസിദ്ധനായ ഡോ: കെ ഭാസ്കരൻ നായരുമായി നടത്തിയ അഭിമുഖസംഭാഷണമാണ് ഈ ലേഖനത്തിനാധാരം. കൊളീജിയേററ് എഡ്യൂക്കേഷൻ ഡയറക്ടറായി റിട്ടയർ ചെയ്ത അദ്ദേഹം ഇപ്പോൾ ഫാമിലിപ്ലാനിങ്ങ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പോപ്പുലേഷൻ എഡ്യൂക്കേഷൻ ഓഫീസറാണ്.

1949 ലാണ് ''ഫാമിലി പ്ലാനിങ് അസോസിയേഷൻ ഒഫ് ഇന്ത്യ'' ബോംബെയിൽ സ്ഥാപിതമായത്. ഇത് ഒരു സ്വകാര്യസന്നദ്ധസംഘടനയാണ്. കുടുംബാസൂത്രണ സേവനങ്ങൾക്കു വേണ്ടി ലോകത്തിൽ ആദ്യമായി റജിസ്റ്റർചെയ്ത സംഘടനയും ഇതുതന്നെ. ഇന്ത്യയിൽ ഇന്ന് ''ഫാമിലി പ്ലാനിങ് അസോസിയേഷൻ ഒഫ് ഇന്ത്യ''യുടെ നാല്പതു് ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ കേരളശാഖയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ തിരുവനന്തപുരത്തും പാറശ്ശാലയിലും രണ്ട് ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. ഈ ശാഖ പത്തു് വർഷമായി ജനസംഖ്യാവിദ്യാഭ്യാസവും നടത്തിവരുന്നു. ജനസംഖ്യാ വിദ്യാഭ്യാസം ഒരു പുതിയ വിഷയമാണ്. 1970നോട് അടുത്ത കാലത്താണ് ആ പേരു തന്നെ ഇന്ത്യയിൽ കേട്ടു തുടങ്ങിയത്. ഇത് വെറും കുടുംബാസൂത്രണമാണെന്നും, വിരസമായ സംഖ്യാശാസ്ത്രപഠനമാണെന്നും, മററും ചിലർ ധരിച്ചുവശായിട്ടുണ്ട്. ഇന്നു മനുഷ്യരാശിയെ മുഴുവനും ബാധിക്കുന്ന ഗുരുതരമായ ഒരു പ്രതിസന്ധിയിൽ ലോകം അകപ്പെട്ടിരിക്കുന്നു. ഈ മഹാവിപത്ത് ഓരോ രാജ്യത്തും അല്പസ്വല്പം വ്യത്യാസത്തോടു കൂടിയ രൂപത്തിലാണ് അനുഭവപ്പെടുന്നതെങ്കിലും അതിൻെറ കാരണം സ്പഷ്ടമാണ്. എണ്ണായിരം മൈൽ മാത്രം വ്യാസമുള്ള ഭൂഗോളത്തിൻെറ ഉപരിതലത്തിൽ, അതിൽ നിന്നു സമ്പാദിക്കാവുന്ന ഭൗതിക വിഭവങ്ങളെമാത്രം ആശ്രയിച്ചു നിലനിർത്താവുന്ന ഒരു പ്രതിഭാസമാണ് ജീവിതം. ഈ വിഭവങ്ങളെ രൂപാന്തരപ്പെടുത്തുകയും ഇഷ്ടം പോലെ കൈകാര്യം ചെയ്യുകയും ചെയ്യാം. പക്ഷെ അവയുടെ ആകെയുള്ള അളവിനു് നിശ്ചിതമായ പരിമിതിയുണ്ട്. അതിനു വിധേയമായി മാത്രമേ മനുഷ്യൻ ഉൾപ്പെടെയുള്ള സമസ്ത ജീവജാലത്തിനും നിലനിൽക്കുവാൻ സാധിക്കുകയുള്ളു. ആധുനിക കാലത്തു് മനുഷ്യരുടെ എണ്ണം അപാരമായി വർദ്ധിച്ചതിൻെറ ഫലമായി മററു ജീവികൾക്കും, മനുഷ്യവർഗ്ഗത്തിനു തന്നേയും, ആവശ്യമായ വിഭവസമ്പത്ത് ഭൂമിയിൽ ലഭ്യമല്ലാതെ വന്നിരിക്കുന്നു. ഇതിൽ ആഹാരത്തിൻെറ കാര്യം മാത്രമേ അന്തർഭവിച്ചിട്ടുള്ളു എന്നു ധരിക്കരുത്. ആഹാരം, തൊഴിൽ, വസ്ത്രം, പാർപ്പിടം, ശുദ്ധജലം, വായു, സഞ്ചാരസൗകര്യം എന്നു വേണ്ട ദൈനം ദിന ജീവിതത്തിൻെറ സകല ഉപാധികളും ഉൾപ്പെടുന്നുണ്ട്. ലോക ജീവിതത്തെ അഭിമുഖീകരിക്കുന്ന ഈ അത്യാപത്തിനെ തരണം ചെയ്യാതെ ആർക്കും രക്ഷയില്ല.




Digitized by Kerala Sahitya Akademi

പ്രത്യേകിച്ചും ഇന്ത്യയെപ്പോലെ ജനപ്പെരുപ്പം മൂലം വീർപ്പു മുട്ടുന്ന ഒരു രാജ്യത്ത് ജനസംഖ്യാവിദ്യാഭ്യാസപരിപാടി ജീവൽപ്രാധാന്യമർഹിക്കുന്നു. ഓരോ പൗരന്റേയും മനസ്സിൽ അനിയന്ത്രിതമായ ജനപ്പെരുപ്പത്തിന്റെ ഭവിഷ്യത്തുകളെക്കുറിച്ചു ജ്വലിക്കുന്ന ബോധം ജനിപ്പിക്കുവാനാണ് അതു് പ്രവർത്തിക്കുന്നതു്.

ജനപ്പെരുപ്പം എന്ന മഹാവിപത്തിനുള്ള ഏക പരിഹാരമാർഗ്ഗം അതിന്റെ കുതിച്ചുകയറ്റത്തെ മന്ദീഭവിപ്പിക്കുക എന്നതു് മാത്രമാണ്. ഇതു് സന്നദ്ധ രാജ്യ സംഘടനകളോ സർക്കാരോ സമൂഹമോ വിചാരിച്ചാൽ സാധിക്കാവുന്ന കാര്യവുമല്ല. വ്യക്തികളുടെ സ്വകാര്യ ജീവിതവുമായി ബന്ധപ്പെട്ടതും സമൂഹത്തെ സാരമായി ബാധിക്കുന്നതുമായ ഒരു പ്രതിഭാസമാകയാൽ അവരുടെ ബോധപൂർവമായ പ്രവർത്തനത്തിലൂടെ മാത്രമേ അതിന് പരിഹാരം കാണാൻ സാധിക്കൂ. ഓരോ വ്യക്തിയും വീണ്ടുവിചാരമില്ലാതെ അനിയന്ത്രിതമായ അളവിൽ അനന്തരാവകാശികളെ സൃഷ്ടിക്കുന്നതായാൽ ഈ ലോകം ജനപ്രളയത്തിൽ മുങ്ങിപ്പോകും.

നിയമംമൂലം ജനപ്പെരുപ്പത്തെ നിയന്ത്രിച്ചുകൂടേ എന്ന എന്റെ ചോദ്യത്തിനു് ഡോ. ഭാസ്കരൻ നായർ ഇങ്ങിനെ മറുപടി നൽകി: ''കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ ചൈനയിൽപോലും ജനപ്പെരുപ്പത്തെ നിയമം മൂലം നിയന്ത്രിക്കുന്നില്ല. ഈ മഹാവിപത്തിനെതിരെ ജനങ്ങളെ അവർ ബോധവാന്മാരാക്കിയിരിക്കയാണ്. അതുകൊണ്ടു് ജനനനിരക്ക് അവിടെ കുറവാണുതാനും. 'കുട്ടി ആണായാലും പെണ്ണായാലും ഒന്നുമതി' എന്നാണവരുടെ മുദ്രാവാക്യം. വ്യാവസായിക പുരോഗതി കൈവരിച്ച പശ്ചിമ ജർമ്മനിയാണിക്കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നതു്. ആ ജനാധിപത്യ രാഷ്ട്രത്തിൽ ജനസംഖ്യ വർഷംതോറും കുറഞ്ഞുവരികയാണ്. കുടുംബാസൂത്രണത്തിനുവേണ്ടി അവിടുത്തെ ഗവമ്മെണ്ടു് ഒററ പൈസപോലും ചെലവാക്കുന്നില്ല.'' പശ്ചിമ ജർമ്മനിയിലെ തന്റെ യാത്രാനുഭവങ്ങളെയും അദ്ദേഹം പരാമർശിച്ചു. അവിടെ ഒരു കുഞ്ഞിനെ വിദ്യാഭ്യാസം ചെയ്തു് വളർത്തിയെടുക്കാൻ ഒരു ലക്ഷം മാർക്ക് (ഒരു മാർക്ക്——നാലു് രൂപ) ചെലവാക്കണം. ''വളർന്നു വലുതായാൽ ഒരു ഭ്രാന്തൻ ഹിററ്ലറുടെ യുദ്ധക്കൊതിക്കവൻ ഇരയാകില്ലെന്നാരു കണ്ടു?'' എന്ന ഒരു ജർമ്മൻ കുടുംബിനിയുടെ ചോദ്യംതന്നെ സ്തബ്ധനാക്കിയെന്നദ്ദേഹം പറഞ്ഞു.



ഒരു കുടുംബാസൂത്രണ ക്യാമ്പിൽ മുസ്ലീം സ്ത്രീകൾ

## മതം എതിരല്ല

വ്യവസ്ഥാപിത മതങ്ങളായ ഇസ്ലാമും ക്രിസ്തുമതവും കുടുംബാസൂത്രണത്തിനെതിരാണെന്ന വാദം ബാലിശമാണ്. മതാധിഷ്ഠിത രാഷ്ട്രങ്ങളായ പാക്കിസ്ഥാനിലും ബംഗ്ലാദേശിലും കുടുംബാസൂത്രണ പ്രവർത്തനങ്ങൾ മുറയ്ക്കു് നടക്കുന്നുണ്ടു്. ഗവൺമെണ്ടു് ഭാരിച്ച ഒരു തുക അതിനുവേണ്ടി ചെലവാക്കുന്നുമുണ്ടു്. ബംഗ്ലാദേശിൽ വാസക്ടമി ഓപ്പറേഷൻ ചെയ്യാൻ വേണ്ടത്ര ഡോക്ടർമാരെ കിട്ടാഞ്ഞതിനാൽ നിരക്ഷരകുക്ഷികളെക്കൊണ്ടാണ് അതു ചെയ്യിക്കുന്നതു്. അവർക്കു അതിനുവേണ്ട പ്രത്യേക പരിശീലന സൗകര്യങ്ങൾ ഗവൺമെൻറു് തലത്തിൽ ചെയ്തുകൊടുക്കുകയാണവിടെ. കത്തോലിക്കർക്കു് ഭൂരിപക്ഷമുള്ള ദക്ഷിണ അമേരിക്കയിലും ഫിലിപ്പീൻസിലും കുടുംബാസൂത്രണ പ്രക്രിയ അഭംഗുരം തുടരുന്നുണ്ടു്. കുടുംബാസൂത്രണം ഒരു ദേശീയ നയമമായി അംഗീകരിച്ച ലോകത്തിലെ ആദ്യത്തെ രാഷ്ട്രമാണു് ഭാരതം. 1952 ൽ പ്രധാനമന്ത്രി ജവാഹർലാൽ നെഹറു കുടുംബാസൂത്രണം ഒരു ഗവൺമെൻറിന്റെ ഒരു ദേശീയ നയമായി പാർലിമെൻറിൽ പ്രഖ്യാപിച്ച കാര്യം സ്മർത്തവ്യമാണ്.

ഭൂമിയിൽ ഇന്നു് 400 കോടിയിലധികം മനുഷ്യരുണ്ടു്. ഇതിൽ പകുതിയിലധികം ഏകദേശം 225 കോടി——ഏഷ്യാ ഭൂഖണ്ഡത്തിലാണ് ജീവിക്കുന്നതു്. അതിൽതന്നെ ചൈനയും ഇന്ത്യയും മനുഷ്യരുടെ എണ്ണംകൊണ്ടു മുൻപന്തിയിൽ നില്ക്കുന്നു. ചൈനയിലെ ജനസംഖ്യ ഏകദേശം എൺപതു്—തൊണ്ണൂറു് കോടിയാണ്. ഇന്ത്യയിലേതു് 60 കോടിയും. ഇതിൽ ഇന്ത്യയുടെ സ്ഥിതിയാണ് ഏററവും പരിതാപകരമായിത്തീർന്നിട്ടുള്ളതു്. ഭൂമിയിലെ സ്ഥലവിസ്തൃതിയിൽ 2.4 ശതമാനം മാത്രമാണ് നമ്മുടെ അധീനത്തിലുള്ളതു്. പക്ഷെ, അതിനെ ആശ്രയിച്ച് ലോകജനസംഖ്യയുടെ പതിന്നാലു ശതമാനത്തെ നാം പുലർത്തേണ്ടിയിരിക്കുന്നു. ഈ ജനസംഖ്യ വർഷം തോറും 130 ലക്ഷം വീതം വർദ്ധിക്കുകയും ചെയ്യുന്നു. ലോകരാഷ്ട്രങ്ങളുടെ മൊത്തം വരുമാനത്തിന്റെ 1.5 ശതമാനം മാത്രമാണ് ഈ രാജ്യത്തെ ജനസഞ്ചയത്തിന്റെ ആകെ വരുമാനം. ഇന്നത്തെ വർദ്ധനനിരക്കിനു് സാരമായ കുറവു് വന്നില്ലെങ്കിൽ. 1985ൽ നമ്മുടെ ജനസംഖ്യ 8410 ലക്ഷവും 1991ൽ

[ശേഷം 16–ാം പേജിൽ]



Digitized by Kerala Sahitya Akademi

# ജനപ്പെരുപ്പം നിയന്ത്രിക്കുക

(6-ാം പേജിൽനിന്നു്)

10,000 ലക്ഷവും ആകുമെന്നാണു് ഒടുവിൽ കിട്ടിയ കണക്കുകളിൽനിന്നു കാണുന്നതു്. ഇന്ത്യയുടെ പ്രയാസങ്ങളെ പററി പറയുമ്പോൾ ചൈന ഇതിലും കൂടുതൽ ജനസംഖ്യയുള്ള രാജ്യമല്ലേ എന്നു പലരും ചോദിക്കാറുണ്ടു്. ശരിയാണു്. നമ്മുടെ ജനസംഖ്യ 1971ൽ 54.7 കോടിയായിരുന്നു. ചൈനയിൽ ആ വർഷം 70 കോടിയെങ്കിലും ഉണ്ടായിരുന്നുവെന്നാണു് അനുമാനം. എന്നാൽ ഈ താരതമ്യത്തിൽ പ്രസക്തമായ മററൊരു വസ്തുതയുണ്ടു്—ഭൂവിസ്തൃതി. ചൈനക്കു് ഇന്ത്യയുടെ മൂന്നര ഇരട്ടി ഭൂമിയുണ്ടു്. ജനസംഖ്യ ഒന്നര ഇരട്ടിയും. ആ രാജ്യം അമേരിക്കൻ ഐക്യനാടുകളേക്കാൾ വലുതാണു്. അതിനുംപുറമേ ഈ നൂററാണ്ടു് അവസാനിക്കുന്നതിനുമുമ്പു് ജനസംഖ്യാ വർദ്ധനവു് പൂർണ്ണമായി നിയന്ത്രിക്കുമെന്നു് അവർ ശപഥം ചെയ്തിരിക്കയാണു്. ഇന്നു് ലോകത്തിൽവെച്ചു് ഏററവും കാര്യക്ഷമമായ കുടുംബാസൂത്രണ പരിപാടി നടക്കുന്നതു് ചൈനയിലാണു്.

ഭൂമിയിലെ ധാതു വസ്തുക്കളുടെ ഉപഭോഗം ഇന്നത്തെ തോതിൽ വർദ്ധിച്ചാൽ കല്ക്കരി 111 വർഷംകൊണ്ടു തീർന്നേക്കും, ക്രോമിയം 95 ഉം ഇരുമ്പു് 93 ഉം കോബാൾട്ടു് 60 ഉം നിക്കൽ 53 ഉം പ്ലാററിനം 47 ഉം മാംഗനീസ് 46 ഉം അലുമിനിയം 31 ഉം ഇന്ധനവാതകം 22 ഉം കാരീയം 21 ഉം ചെമ്പു് 21 ഉം ഖനിയെണ്ണ 20 ഉം നാകം (സിങ്കു്) 18 ഉം വെളുത്തീയം 15 ഉം വെള്ളി 13 ഉം സ്വർണ്ണം 9 ഉം വർഷങ്ങൾ കൊണ്ടവസാനിച്ചേക്കാം.

## കേരളത്തിലെ ജനപ്പെരുപ്പം

കേരളത്തിലെ ജനസംഖ്യാ വർദ്ധനവിനെപ്പററി അദ്ദേഹം ആനുഷംഗികമായി പരാമർശിച്ചു. കേരള സംസ്ഥാനത്തിന്റെ വിസ്തൃതി 39,000 ചതുരശ്ര കിലോമീററാണു്. 1971 ലെ സെൻസസ്സു്പ്രകാരം ഇവിടത്തെ ജനസംഖ്യ 21,347, 375 ആണു്. ഇതു് ഇന്ത്യയുടെ ജനസംഖ്യയുടെ 3.90% വരും. ഏററവും ഉൽക്കണ്ഠാജനകമായിരിക്കുന്ന വസ്തുത ഇവിടത്തെ ജനസംഖ്യാവർദ്ധനവിന്റെ നിരക്കു് ഇന്ത്യയുടെ പൊതു നിരക്കിനേക്കാൾ കൂടുതലാണു് എന്നുള്ളതാണു്. 1951 മുതൽ 1961 വരെയുള്ള പത്തു വർഷത്തിനിടക്കു് കേരളത്തിലുണ്ടായ വർദ്ധനവിന്റെ നിരക്കു് 24.76% ആയിരുന്നു. പക്ഷെ പിന്നീടു് പത്തു വർഷം (1961–1971) കൊണ്ടു് അതു് 26.29% ആയി. ഈ നിരക്കിൽ ജനസംഖ്യ ഇരട്ടിക്കുന്നതിനു 27 വർഷം മതി. അതായതു് 1998ൽ 4 കോടി 27 ലക്ഷം ജനങ്ങൾ കേരളത്തിൽ ഉണ്ടാകുമെന്നർത്ഥം. കുടുംബാസൂത്രണത്തിന്റെ ഫലമായി ഇപ്പോൾ കേരളത്തിലെ ജനനനിരക്കു് ഇന്ത്യയിലെ ജനനനിരക്കിനേക്കാൾ കുറവാണു്. 1980ൽ ഇന്ത്യയുടെ ജനനനിരക്കു് ആയിരത്തിനു് 34 ആണു്. കേരളത്തിൽ അതു് 25 ആയി കുറക്കാൻ കഴിഞ്ഞു. മരണനിരക്കു് ഇന്ത്യയുടേതു് 13 ആണു്. കേരളത്തിന്റെ 7.9 ആണു്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം മുന്നണിയിലായതാണു് ജനന നിരക്കു് കുറയാൻ കാരണം. ജീവിതത്തിലെ തിക്താനുഭവങ്ങളാണു് ഏറിയ പങ്കും കുടുംബാസൂത്രണത്തിനു് വനിതകളെ പ്രേരിപ്പിക്കുന്നതു്. 1978 ൽ താൻ കണ്ണൂരിൽ വന്നതിനു ശേഷം അറുനൂറിലധികം പൊതു വേദികളിലും സെമിനാറുകളിലും ജനസംഖ്യാ വിദ്യാഭ്യാസത്തെപ്പററി ക്ലാസുകളെടുത്തിട്ടുണ്ടെന്നു ഡോ. ഭാസ്കരൻ നായർ പറഞ്ഞു. തിരുവനന്തപുരത്തിനടുത്ത കമലേശ്വരത്തെയും കണ്ണൂർ സിററിയിലേയും അനുഭവങ്ങൾ അദ്ദേഹം ഹൃദയസ്പൃക്കായി വിവരിച്ചു. ഉടുതുണിക്കു് മറു തുണിയില്ലാത്ത സ്ത്രീകളായിരുന്നു രണ്ടുസ്ഥലത്തും ശ്രോതാക്കൾ. പ്രഭാഷണാനന്തരം ആ സ്ത്രീകൾ ഡോ. ഭാസ്കരൻ നായരെ അത്ഭുതപരതന്ത്രനാക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു—''സർ, ഞങ്ങളിൽ മിക്കവരും കുടുംബാസൂത്രണം സ്വീകരിച്ചവരാണു്. ഭർത്താക്കന്മാരറിയാതെ പ്രസവാനന്തര വന്ധ്യംകരണ ശസ്ത്രക്രിയക്കു് വിധേയരായവർ. ഞങ്ങളോ ജീവിതത്തിൽ വളരെയേറെ കഷ്ടപ്പെട്ടു നിരപരാധികളായ കുട്ടികളെ എന്തിനു് വെറുതെ നരകിപ്പിക്കണം?'' നിരക്ഷരകക്ഷികളായ ആ സ്ത്രീകൾ പല അഭ്യസ്തവിദ്യരേക്കാളും ഇക്കാര്യത്തിൽ ബോധവാന്മാരല്ലേ?—ഡോ: ഭാസ്കരൻ നായർ ചോദിച്ചു.

ജനനം തടയുന്നതിനുള്ള മാർഗ്ഗങ്ങളെ പററിയും അദ്ദേഹം പരാമർശിക്കുകയുണ്ടായി. പ്രസവത്തോടൊപ്പം നടത്തുന്ന സ്ത്രീകളുടെ വന്ധ്യംകരണ ശസ്ത്രക്രിയയാണു് കൂടുതൽ സുരക്ഷിതം. ഇന്ത്യയിൽ ഉറ, ലൂപ്പു്, പുരുഷവന്ധ്യം എന്നിവയാണു് പ്രധാനമായി സ്വീകരിച്ചിട്ടുള്ള കുടുംബാസൂത്രണ മാർഗ്ഗങ്ങൾ. ''വാക്വം ആസ്പിറേഷൻ'' (Vacuum Aspiration) എന്ന സമ്പ്രദായം ചൈനയിൽ പ്രചാരത്തിലുണ്ടു്. കുഴലുവഴി ഗർഭാശയത്തിൽ നിന്നു ആദ്യദശയിലുള്ള ഭ്രൂണത്തെ വലിച്ചെടുക്കുന്ന ഈ സമ്പ്രദായം ഇന്നു ലോകമാകെ പ്രചരിച്ചിട്ടുണ്ടു്.

ജനസംഖ്യയുടെ വർദ്ധനവുമൂലം ഉണ്ടാകുന്ന മററു് ദോഷങ്ങളെപററിയും ഡോ. ഭാസ്കരൻ നായർ വ്യക്തമാക്കി. ലോകമാകെയുള്ള 80 കോടി നിരക്ഷരരിൽ നേർ പകുതിയും— നാല്പതുകോടി-- ഇന്ത്യയിലാണു്. ഇത്ര വമ്പിച്ച ജനസഞ്ചയം അറിവിന്റെ വെളിച്ചം കിട്ടാതെ അലയുന്നു. വിനോദത്തിനും വിശ്രമത്തിനും പററിയ സ്വച്ഛന്ദകേന്ദ്രങ്ങളുടെ വിരളത, പരിസരമലിനീകരണം, പണപ്പെരുപ്പം, നഗരങ്ങളിലെ ചേരികളുടെ ബാഹുല്യം, പാർപ്പിടങ്ങളുടെ അഭാവം എന്നിവയും ജനസംഖ്യാ വർദ്ധനവിന്റെ തിക്തഫലങ്ങളത്രെ.

## വിഭവങ്ങൾ തീരുന്നു

ജനപ്പെരുപ്പം മൂലം കാലാവസ്ഥയ്ക്കുണ്ടാകുന്ന മാററങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ടു്. കന്നുകാലികൾ മേഞ്ഞു വെളുപ്പിക്കുന്നതുകൊണ്ടു വിളഭൂമികൾ മരുഭൂമികളായി മാറുന്നു. ജനങ്ങൾ ഇടതിങ്ങി, ഞെങ്ങിഞെരുങ്ങി താമസിക്കാൻ നിർബന്ധിതരാകുന്നതു മൂലം ആരോഗ്യത്തിനും കുടുംബബന്ധങ്ങൾക്കും പൊതു സമാധാനത്തിനു തന്നെയും തകർച്ച സംഭവിക്കുന്നു. 1951 മുതൽ 1961 വരെയുള്ള പത്തു് കൊല്ലക്കാലംകൊണ്ടു രാജസ്ഥാനിലെ മേച്ചിൽ സ്ഥലങ്ങളുടെ വിസ്താരം 130 ലക്ഷം ഹെക്ടേറിൽ നിന്നു 110 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നു. അതോടൊപ്പം ആടുമാടുകളുടെ എണ്ണം 94 ലക്ഷത്തിൽ നിന്നും 144 ലക്ഷമായി വർദ്ധിക്കുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായി രാജസ്ഥാൻ മരുഭൂമി വർഷം തോറും 13000 ഹെക്ടർ വീതം വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ജനസംഖ്യാ വിദ്യാഭ്യാസത്തിനും പ്രചരണത്തിനുമായി തന്റെ സമയം ചെലവഴിക്കുന്ന ഡോ. ഭാസ്കരൻ നായരുമായി സംസാരിച്ചു മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ''ജനപ്പെരുപ്പം നിയന്ത്രിക്കുക; അല്ലെങ്കിൽ സ്വയം നശിക്കുക.''



Digitized by Kerala Sahitya Akademi